പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3644 26.06.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യിൽ സൗജന്യപാസ്

ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ സൗജന്യ യാത്രാപാസ് അനുവദിച്ചിട്ടുള്ളവരുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടൗൺ ടു ടൗൺ ഓർഡിനറി സർവ്വീസുകൾ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും യഥാർത്ഥ നിരക്കിൽ നിന്നും ശരാശരി 17.79% തുക മാത്രം ഈടാക്കികൊണ്ട് വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്.<br>അന്ധർ, ബധിര-മൂകർ, വികലാംഗർ, ബുദ്ധിമാന്ദ്യമുള്ളവർ, അവരെ അനുഗമിക്കുന്ന ഒരാൾ, ക്യാൻസർ രോഗികൾക്ക് ചികിൽസാർത്ഥം ബന്ധപ്പെട്ട ആശുപത്രിയിലേക്ക് യാത്രചെയ്യുന്നതിന്, സെറിബ്രൽ പാൾസി രോഗബാധിതർ, സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ വിധവകൾ, പത്രപ്രവർത്തകർ, അർജ്ജുന-ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാര ജേതാക്കൾ, എം.പി.മാർ, എം.എൽ.എ.മാർ, മുൻ എം.എൽ.എ മാർ, കെ.എസ്.ആർ.ടി.സി.യിൽ പ്രവർത്തിക്കുന്ന റെസിഡന്റ് ആഡിറ്റ് ഓഫീസിലെ ജീവനക്കാർ, കെ.എസ്.ആർ.ടി.സി. യിലെ അംഗീകൃത യൂണിയൻ ഭാരവാഹികൾ, ഡയറക്ടർ ബോർഡ് അംഗങ്ങൾ, പി.സി.ആർ.എ അംഗങ്ങൾ എന്നിവർക്കും യാത്രാ സൗജന്യം നൽകി വരുന്നു.<br>കോർപ്പറേഷനിൽ 15 വർഷ സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് സൂപ്പർ ഡീലക്സ് വരെയുള്ള എല്ലാത്തരം സർവ്വീസുകളിലും യാത്രാസൗജന്യം അനുവദിച്ചിട്ടുണ്ട്. 15 വർഷത്തിൽ കുറഞ്ഞ സേവന ദൈർഘ്യമുള്ള ജീവനക്കാർക്ക് നിയന്ത്രിതമായ ദൂരത്തിൽ |

| | | | |
|---|---|---|---|
| | | | ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകളിൽ ജോലിക്ക് എത്തുന്നതിന് താമസ സ്ഥലത്തുനിന്നും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി. യിലെ സേവനത്തിൽ നിന്നും വിരമിച്ചവർക്ക് നിയന്ത്രിതമായ ദൂരത്തിൽ ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസ്സുകളിൽ സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്.<br>ഇതുകൂടാതെ കെ.എസ്.ആർ.ടി.സി. യിലെ കാഷ്വൽ ലേബറർ, എംപാനൽ ജീവനക്കാർ, ദിവസവേതനക്കാർ എന്നിവർക്കും ജോലിക്ക് ഹാജരാകുന്നതിനായി താമസസ്ഥലത്തു നിന്നും ജോലി സ്ഥലത്തേക്ക് നിയന്ത്രിതമായ ദൂരത്തിൽ Duty Bound Check Pass അനുവദിച്ചിട്ടുണ്ട്. |
| (ബി) | സൗജന്യ പാസ് അനുവദിച്ച ഇനത്തിൽ സർക്കാർ കെ.എസ്.ആർ.ടി.സി. ക്ക് എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | **141.21** കോടി രൂപ |
| (സി) | പ്രസ്തുത തുക നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) | യാത്രാസൗജന്യം അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രത്യേക ധനസഹായം ഒന്നും നൽകുന്നില്ല. |
| (ഡി) | ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. യിൽ സൗജന്യയാത്ര അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ക്യാൻസർ രോഗികൾക്ക് അവരുടെ സ്ഥിരമായ താമസസ്ഥലത്തു നിന്നും മെഡിക്കൽ കോളേജ്, റീജീയണൽ ക്യാൻസർ സെന്ററുകൾ തുടങ്ങിയ അംഗീകൃത ചികിത്സാ കേന്ദ്രങ്ങളിലേക്കും തിരിച്ചും ചികിത്സയ്ക്ക് പോകുന്ന ദിവസം കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ഓർഡിനറി, സിറ്റി ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, റിസർവേഷൻ ഇല്ലാത്ത എല്ലാ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിലും യാത്രാക്കൂലിയിൽ 50% സൗജന്യ നിരക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ